സംഘം രജിസ്ട്രേഷനുള്ള അപേക്ഷ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വഴി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിക്കേണ്ടതാണ്.

(സി) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, നഗരസഭ കേന്ദ്രങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ടി പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഇതിലൂടെ ഗ്രാമീണ കമ്പോളങ്ങളുടെ സാമീപ്യം, ന്യായവില, പാഴ്ചെലവ് ഇല്ലാതാക്കൽ, ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവ മെച്ചപ്പെടുത്താൻ കഴിയും. 2021-22 ബഡ്ജറ്റിൽ ഈ പദ്ധതിയുടെ കീഴിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതി ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കേന്ദ്ര സർക്കാരിന്റെ സഹകരണ മന്ത്രാലയം രൂപീകരണം**

279 (2009) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണമേഖല എന്ന വിഷയം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നതായതിനാൽ പുതിയ സഹകരണ മന്ത്രാലയം

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന സമീപനമെന്താണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(ബി) ഇത് സംസ്ഥാനത്തെ വിപുലമായ സഹകരണ പ്രസ്ഥാനങ്ങളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന അഭിപ്രായം സഹകാരികളിൽ നിന്ന് ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കാനിടയുള്ള ഇത്തരം പ്രഖ്യാപനങ്ങളിൽനിന്നും നടപടികളിൽ നിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

## കൊച്ചിൻഷിപ്പ് യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി

280 (2010) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ അംഗീകാരമുള്ള കൊച്ചിൻ ഷിപ്‌യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി (ഇ-346)-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

സംഘത്തിന് വേണ്ടിയോ സംഘാംഗങ്ങൾക്ക് വേണ്ടിയോ സ്ഥലം വാങ്ങുക, വസ്തു പണയപ്പെടുത്തുക, ഹൗസ് പ്ലോട്ടുകൾ, വീടോടുകൂടിയ സ്ഥലം വാങ്ങുക, റിപ്പയറുകളോ, കൂട്ടിച്ചേർക്കലുകളോ നടത്തുക, സൊസൈറ്റിയുടെ പൊതു ആവശ്യത്തിനുവേണ്ടി കെട്ടിടങ്ങൾ പണിയുക, വീടുകൾ പണിയുക, വാടകയ്ക്ക് കൊടുക്കുക, സംഘത്തിലെ അംഗങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly